**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5320** **12-08-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി-ഖാദി മേഖലയെ ശാക്തീകരിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്, ശ്രീ പ്രമോദ് നാരായൺ, ശ്രീ. ജോബ് മൈക്കിൾ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൈത്തറി - ഖാദി മേഖലകൾക്ക് റിബേറ്റ് ഇനത്തിൽ സർക്കാർ അനുവദിക്കേണ്ടതായ തുക കുടിശ്ശികയായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കൈത്തറി മേഖല ഉണ്ട്. കേരളത്തിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ കൈത്തറി ഉല്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷം 10 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും, ഹാന്റക്സിനും ഹാൻവീവിനുമായി ലഭിച്ച ഏകദേശം 10,08,87,687/- രൂപയുടെ അപേക്ഷകളിൽ അർഹമായവയിൽ ഹാന്റക്സിന് 1,15,14,740/- രൂപ അനുവദി ച്ചിട്ടുണ്ട്. 12,05,194/- രൂപ കുടിശ്ശികയായി ബാക്കിയുണ്ട്. ഖാദി മേഖല ഉണ്ട്. 2019-20 വർഷത്തെ ലഭ്യമായ ക്ലെയിമുകൾ പ്രകാരം 43 കോടി രൂപ റിബേറ്റ് കുടിശ്ശികയുണ്ട്. 2021-22 വർഷ ത്തെ ബഡ്ജറ്റ് വിഹിതത്തിൽ 14 കോടി രൂപ വകയിരുത്തിയതിൽ 10 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പൂട്ടി കിടക്കുന്ന കൈത്തറി - ഖാദി നെയ്ത്തു സംഘങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | കൈത്തറി മേഖല സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 300 സംഘങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സംഘങ്ങളിൽ നിന്നായി 5600 നെയ്ത്തുകാരും 1513 അനുബന്ധ തൊഴിലാളികളും സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തു വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി, പൂട്ടി കിടന്നിരുന്ന 15 സംഘങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഖാദി മേഖല കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള നെയ്ത്ത് സംഘങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. തുറന്നു പ്രവർത്തിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച സംഘ ങ്ങൾക്ക് അംഗീകാരം നൽകുകയും അവ |

| | | | |
|---|---|---|---|
| | | | തുറന്നു പ്രവർത്തിക്കുകയും ചെയ്തു വരുന്നു. ഖാദി ബോർഡിനു കീഴിലുള്ള സംഘങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് നട പടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ